
Parish Bulletin - Jun 02, 2019

# St. Mary's Knanaya Catholic Parish

7800 W. Lyons, Morton Grove, IL. 60053

www.smkcparish.us . 847 919 5279




**Pastor:** Rev. Fr. Thomas Mulavanal
*eMail: mulavan@hotmail.com Ph: 310 709 5111*
***Associate Pastor:*** *Rev. Fr. Bins Chethalil*
*Ph: 281 818 6518*
***Secretary:*** *Rev. Sr.Sylverius SVM Ph: 224 432 3217*

***Trustees:***
*(Coordinator) Sabu Neduveettil Ph: 224 766 0379*
*Jomon Thekkeparambil Ph: 773 895 2361*
*Siny Thomas Nedumthuruthil Ph: 847 630 5738*
*Sunny Meledam Ph: 773 550 1995*
*Chris Kattapuram (Youth rep) Ph: 224 616 8473*

*Parish Bulletin Prepared by P.R.O at St. Mary's Knanaya Catholic Parish, Morton Grove, IL*

## HOLY MASS SCHEDULE

**SUNDAY**

07:45am Holy Mass in Malayalam
10:00am Holy Mass in Malayalam
11:45am Holy Mass in English
05:30pm Holy Mass in Malayalam

**MONDAY — THURSDAY**

07:00pm Holy Mass in Malayalam

**TUESDAY**

After Mass Novena to St. Anthony

**THURSDAY**

After Mass Novena to St. Jude

**FRIDAY**

06:00pm Holy Mass in Malayalam

**SATURDAY**

10:00am Holy Mass in Malayalam followed by Novena to Our Lady of Perpetual Help

## WEDDING BANNS



**Shobin Kadyampally**

Wedding of Shobin s/o Thomas and Siby from Kadyampally family of St. Mary's Knanaya Catholic Church, Morton Grove, Chicago with Asha Abraham d/o Baby and Lizy from Kolangayil Family of New York is scheduled on June 15, 2019.

**Meenu Abraham Padavathil**

Wedding of Meenu d/o Abraham and Suma fom Padavathil family of St. Mary's Knanaya Catholic Church, Morton Grove, Chicago with Jerin Tom Jacob s/o Chacko and Ancy from Pawath family of St. St. Joseph's Knanaya Parish, ettumanoor is scheduled on July 27th, 2019

*If there is any canonical impediments, kindly inform the pastor's office.*

## ചിക്കാഗോ സെന്റ് മേരീസിൽ ആദ്യകുർബാന സ്വീകരണം നടത്തി



മോർട്ടൻ ഗ്രോവ് സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ദേവാലയത്തിലെ പ്രഥമ ദിവ്യകാരുണ്യ സ്വീകരണം മെയ് 26 ഞായറാഴ്ച നടത്തപ്പെട്ടു . 27 കുട്ടികളാണ് ആദ്യ കുർബാന സ്വീകരിച്ചത് . കോട്ടയം രൂപത അധ്യക്ഷൻ മാർ മാത്യു മൂലക്കാട് ചടങ്ങുകൾക്ക് മുഖ്യ കാർമികത്വം വഹിച്ചു . ഇടവക വികാരി ഫാ . തോമസ് മുളവനാൽ , ഫൊറോനാ വികാരി ഫാ. എബ്രഹാം മുത്തോലത്, അസിസ്റ്റന്റ് വികാരി ഫാ . ബിൻസ് ചേത്തലിൽ , ഫാ. ജിജോ നെല്ലിക്കകണ്ടത്തിൽ, ഫാ. ലൂക്ക് തിരുനെല്ലിപ്പറമ്പിൽ ,ഫാ. ലിജോ പാത്തിക്കൽ, ഫാ. ബിജു ചൂരപ്പാടത്, ഫാ. ജോനസ് ചെറുനിലത് എന്നിവർ സഹകാർമികർ ആയിരുന്നു . വിശുദ്ധ കുർബാന മദ്ധ്യേ അഭിവന്ദ്യ പിതാവ് പൗരോഹിത്യ ശുശ്രൂഷക്കായി ഒരുങ്ങികൊണ്ടിരിക്കുന്ന ബ്രദർ അങ്കിത് തച്ചാറക്ക് 'സബ് ഡയക്കനേറ്റ്' പട്ടം നൽകി ആശീർവദിച്ചു. ഇടവകയുടെ ദശവത്സരാഘോഷങ്ങളുടെ മുന്നോടിയായി പുറത്തിറങ്ങുന്ന തീം സോംങിന്റെയും ലോഗോയുടെയും പ്രകാശനം കർമ്മം പിതാവ് നിർവഹിച്ചു. ഇടവക്ക് സ്വന്തമായൊരു വൈദിക മന്ദിരം യാഥാർഥ്യമായതിന്റെ പിന്നിൽ പ്രാർത്ഥനപരമായും ചെറുതും വലുതുമായ സാമ്പത്തിക സഹായങ്ങൾ നൽകി വിജയിപ്പിച്ചവരെയും, കഴിഞ്ഞ രണ്ടു വർഷക്കാലം സുത്യർഗ്ഗമായ സേവനങ്ങൾക്ക് ശേഷം വിരമിക്കുന്ന മുൻ എക്സിക്യൂട്ടീവ് അംഗങ്ങളെയും തദവസരത്തിൽ ഇടവകയ്ക്ക് വേണ്ടി പിതാവ് പ്രശംസാ ഫലകം നൽകി ആദരിച്ചു. ചർച്ച് കയർ ടീമിന് അനിൽ മറ്റത്തിക്കുന്നേൽ നേതൃത്വം നൽകി. ദേവാലയത്തിലെ തിരുകർമ്മങ്ങൾക്ക് ശേഷം നൈൽസിലുള്ള വൈറ്റ് ഈഗിൾ ബാങ്കറ്റ് ഹാളിൽ വിരുന്നു സൽക്കാരം നടത്തപ്പെട്ടു . കുട്ടികളെയും മാതാപിതാക്കളെയും അധ്യാപകരെയും അഭിനന്ദിക്കുവാനായി ചേർന്ന ഹൃസ്വമീറ്റിംഗിൽ അഭിവന്ദ്യ മൂലക്കാട് പിതാവ് അനുഗ്രഹ പ്രഭാഷണം നടത്തി .ഫാ. തോമസ് മുളവനാൽ, ഫാ. എബ്രഹാം മുത്തോലത്തു, ഫാ. ബിൻസ് ചേത്തലിൽ, കെ സി എസ് പ്രസിഡന്റ് ഷിജു ചെറിയത്തിൽ എന്നിവർ ആശംസ പ്രസംഗം നടത്തി. തുടർന്ന് അധ്യാപകരെ ആദരിച്ചു . തദവസരത്തിൽ കുട്ടികളുടെയും അധ്യാപകരുടെയും പ്രതിനിധികൾ സംസാരിച്ചു . കമ്മറ്റി കൺവീനർ ജോയ്സ്മോൻ പുത്തൻപുരയിൽ സ്വാഗതവും; മഞ്ജു കൊല്ലപ്പള്ളി ,മനു തിരുനെല്ലിപ്പറമ്പിൽ എന്നിവർ നന്ദിയും പറഞ്ഞു . സ്കൂൾ ഡയറക്ടർമാരായ സജി പൂത്തൃക്കയിൽ, മനീഷ് കൈമൂലയിൽ എന്നിവർ പരിപാടികൾക്കു വേണ്ട നേതൃത്വം നൽകി. എന്റർടൈൻമെന്റ് പ്രോഗ്രാമിൽ അനിറ്റ് കിണറിരിക്കുംതൊട്ടിയിൽ എം സി ആയിരുന്നു. ഇടവകയുടെ എക്സിക്യൂട്ടീവ് അംഗങ്ങളും, അധ്യാപകരും, സിസ്റേഴ്സും, വിവിധ കമ്മറ്റികളും പരിപാടികളുടെ വിജയത്തിനായി പ്രവർത്തിച്ചു . മലബാർ കാറ്ററിംഗ്സ് ഡിന്നർ ഒരുക്കി . ബിജു സക്കറിയ വിഡിയോഗ്രഫിയും ഡൊമിനിക് ചൊള്ളമ്പേൽ ഫോട്ടോഗ്രാഫിയും നിർവഹിച്ചു

**ഉയിർപ്പുകാലം ഏഴാം ഞായർ / Seventh Sunday of Resurrection**

| Jun 02 | PASSAGE | 10:00 AM Mass |
|---|---|---|
| 1st Reading | Is 06: 01-13 | Mekha Palliveettil |
| 2nd Reading | Phil 02 : 01-11 | Marykutty Chemmachel |
| Gospel | Mk 16: 14-20 | |

# ചിക്കാഗോ സെ.മേരീസ് ഇടവകയുടെ പുതിയ വൈദിക മന്ദിരം വെഞ്ചിരിച്ചു.

മോർട്ടൺ ഗ്രോവ് സെ.മേരീസ് ക്നാനായ കത്തോലിക്കാ ഇടവക്ക് സ്വന്തമായൊരു വൈദിക മന്ദിരം യാഥാർത്ഥ്യമായതിന്റെ സന്തോഷത്തിലാണ് ഇടവകാംഗങ്ങളേവരും. പള്ളിക്കടുത്ത് ഏകദേശം ഒരു മൈൽ ദൈർഘ്യത്തിൽ സ്ഥിതിചെയ്യുന്ന പുതിയതായി വാങ്ങിയ കെട്ടിടത്തിന്റെ വെഞ്ചിരിപ്പ് കർമ്മം മെയ് ഇരുപത്തിയാറാം തീയതി ഞായറാഴ്ച കോട്ടയം അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ മാത്യു മൂലക്കാട്ട് നിർവഹിച്ചു. വെഞ്ചിരിപ്പ് കർമ്മങ്ങളിൽ ഫൊറോനാ വികാരി ഫാ. എബ്രഹാം മുത്തോലത്, ഫാ. ബാബു മഠത്തിപ്പറമ്പിൽ. ,ഫാ. ജിജോ നെല്ലിക്കകണ്ടത്തിൽ, ഫാ. ജോനസ് ചെറുനിലത്, ബ്രദർ.അംങ്കിത് എന്നിവർ സന്നിഹിതരായിരുന്നു.

ഈ സ്വപ്നസാക്ഷാത്കാരത്തിന്റെ പിന്നിൽ പ്രാർത്ഥനപരമായും ചെറുതും വലുതുമായ സാമ്പത്തിക സഹായങ്ങൾ നൽകി വിജയിപ്പിച്ച ഏവരെയും ഇടവക വികാരിയും ക്നാനായ റീജിയൺ ഡയറക്ടറുമായ മോൺസിഞ്ഞോർ തോമസ് മുളവനാൽ അഭിനന്ദിച്ചു. നാലുലക്ഷം ഡോളർ മുതൽമുടക്കുള്ള ഈ ഭവനപദ്ധതിയിലേക്ക് ആദ്യ സംഭാവനയായി ഒരു ലക്ഷം ഡോളർ നൽകിയ ജോസ് & മേരി പിണർക്കയിലിനെയും , അയ്യായിരത്തിൽ കൂടുതൽ പണം നൽകിയ മേഴ്സി ഉതിര കല്ലുങ്കൽ, ജോൺ & മോളി പുതുശ്ശേരി, തോമസ് & ഷൈനി കരികുളം, മേരി കാരാപ്പള്ളിൽ എന്നിവരെയും അഭിവന്ദ്യ പിതാവ് പ്രശംസാ ഫലകം നൽകി ഇടവകയ്ക്ക് വേണ്ടി ആദരിച്ചു. ഇടവകയുടെ ഈ ഭവന സംരംഭത്തിന്റെ പൂർത്തികരണത്തിന് വേണ്ട നേതൃത്വം നൽകിയ കൈക്കാരന്മാരെയും ഫൈനാൻസ് കമ്മറ്റി , ബിൽഡിങ് സേർച്ചിംഗ് കമ്മറ്റി എന്നിവരോടും ഉള്ള കൃതജ്ഞതയും കടപ്പാടും വികാരി ഫാദർ തോമസ് മുളവനാലും, അസിസ്റ്റൻറ് വികാരി ഫാദർ ബിൻസ് ചേത്തലയിലും അറിയിച്ചു. തുടർന്ന് ഭവന വെഞ്ചിരിപ്പിനായിയെത്തിയ ഇടവകാഗംങ്ങളുമായി പിതാവ് നർമ്മ സല്ലാപത്തിൽ ഏർപ്പെടുകയും ജൂൺ അഞ്ചിന് നടക്കുന്ന ആഗോള പരിസ്ഥിതി ദിന ആഘോഷങ്ങളുടെ മുന്നോടിയായി പരിസ്ഥിതി സന്ദേശ നൽകിക്കൊണ്ട് ഭവന പരിസരത്ത് വൃക്ഷത്തൈ നടുകയും ചെയ്തു. ഇടവകയുടെ ദശവത്സരാഘോഷങ്ങളുടെ ഭാഗമായി നടത്തുന്ന ജൈവകൃഷി പ്രോത്സാഹന പദ്ധതിയിൽ സന്തുഷ്ടനായ പിതാവ് ശ്രീ. മത്തച്ചൻ ചെമ്മാച്ചേലിന് പച്ചക്കറിതൈ നൽകി ഭവനങ്ങളിൽ വച്ചു നടത്തുവാൻ ഉദ്ദേശിക്കുന്ന ഈ കൃഷി മത്സര പദ്ധതി ഉദ്ഘാടനം ചെയ്തു. ചടങ്ങുകളുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് കൈക്കാരന്മാരായ സാബു നടുവീട്ടിൽ, സണ്ണി മേലേടത്ത്, ക്രിസ്സ് കട്ടപ്പുറം, ജോമോൻ തെക്കേപ്പറമ്പിൽ, സിനി നെടുന്തുരുത്തിയിൽ സിസ്റ്റർ സിൽവേരിയൂയ്, സി.ജെസിന, സി.ജോവാൻ എന്നിവർ വേണ്ട നേതൃത്വം നൽകി.












St. Mary's Chicago Catholic Church

# ST. MICHEAL'S FEAST

June 2nd Sunday at 10am

Sponsered by: Neendoor Parishioners

അഭിവന്ദ്യ പിതാവ് ബ്രദർ അങ്കിത് തച്ചാറക്ക് 'സബ് ഡയക്കനേറ്റ്' പട്ടം നൽകി ആശീർവദിച്ചു





കഴിഞ്ഞ രണ്ടു വർഷക്കാലം സുത്യർഗ്ഗമായ സേവനങ്ങൾക്ക് ശേഷം വിരമിക്കുന്ന മുൻ എക്സിക്യൂട്ടീവ് അംഗങ്ങളെ ഇടവകയ്ക്ക് വേണ്ടി പിതാവ് പ്രശംസാ ഫലകം നൽകി ആദരിച്ചു

വൈദിക ഭവനപദ്ധതിയിലേക്ക് ആദ്യ സംഭാവനയായി ഒരു ലക്ഷം ഡോളർ നൽകിയ ജോസ് & മേരി പിണർക്കയിലിനെയും , അയ്യായിരത്തിൽ കൂടുതൽ പണം നൽകിയ മേഴ്സി ഉതിര കല്ലുങ്കൽ, ജോൺ & മോളി പുതുശ്ശേരി, തോമസ് & ഷൈനി കരികുളം, മേരി കാരാപ്പള്ളിൽ എന്നിവരെയും അഭിവന്ദ്യ പിതാവ് പ്രശംസാ ഫലകം നൽകി ഇടവകയ്ക്ക് വേണ്ടി ആദരിച്ചു



## സെ.മേരീസിൽ മാതാവിൻറെ വണക്കമാസം ഭക്തിനിർഭരമായി ആചരിച്ചു.
















# Holy Communion Pictures







